പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7200

03.11.2011-ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.അജിത് | | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. | കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | എ. | കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലും കൂടി ചെലവഴിച്ച തുക 70182.24 ലക്ഷം രൂപയാണ്. *<br><br>* (2010-11 സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ മസ്റ്റർ റോളുകൾ ഡേറ്റാ എൻട്രി ചെയ്യുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല. ആയതിനാൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലെ 28-10-2011 വരെയുള്ള സ്ഥിതിവിവര കണക്കനുസരിച്ചുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡേറ്റാ എൻട്രി പൂർത്തിയായാൽ മാത്രമേ അന്തിമ കണക്കുകൾ ലഭ്യമാകുകയുള്ളൂ). |
| ബി. | ആകെ എത്ര തുക അനുവദിച്ചു എന്നും എത്ര തുക ലാപ്സായി എന്നും വ്യക്തമാക്കുമോ ? | ബി. | തൊഴിലുറപ്പ് പദ്ധതി ആവശ്യാധിഷ്ഠിതമായതിനാൽ ജില്ലകളുടെ ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നത്. 2010-11 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 70423.24 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 2183.89 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഒരു സാമ്പത്തിക വർഷം അനുവദിക്കുന്നതിൽ വർഷാന്ത്യം ബാക്കി വരുന്ന തുക ലാപ്സാകുന്നില്ല. ആയത് തൊട്ടടുത്ത സാമ്പത്തിക വർഷം പ്രാരംഭ ബാക്കിയായി പരിഗണിച്ച് പദ്ധതിയ്ക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ.